SanThome HS
Kanamala
LK/2018/32025



# SanThome VOICE

## Digital Magazine

### LK 2022-25 Batch

Kanjirappally SubDistrict
Kottayam District

SanThome VOICE

# ഉള്ളടക്കം




16 **Solitude's Embrace**
Poem







വീണ്ടും 04
ഓർമ്മക്കുറിപ്പ്

പ്രതീക്ഷ 10
കഥ





18 A tribute to Mother's Love
Poem

03 എഡിറ്റോറിയൽ

07 കാത്തിരിപ്പ്
കഥ

09 മുത്തച്ഛൻ
കവിത

13 The Lionel Messi Quiz
Quiz

17 ഒരു രാഷ്ട്രത്തിന്റെ ഭാവി
ലേഖനം

19 2018- ലെ പെരുമഴക്കാലം
അനുഭവം

20 അന്നു പെയ്ത മഴയിൽ
കഥ

23 ഓർമ്മകളുടെ സുഗന്ധം
കവിത

24 Alice in WonderLand
പുസ്തകാസ്വാദനം

27 Reading
ലേഖനം

32 ഡിജിറ്റലൈസേഷൻ- നേട്ടങ്ങളും പരിമിതികളും
വിജ്ഞാനം

35 വായിച്ചാൽ വളരും
കഥ

42 കരുതൽ
കഥ

**Chief Editor**

Aaron Siju Thomas

**Sub Editors**

Ayana Rajagopal

Adarsh Anil

Christin Mathew

**Editorial Board**

Lakshmi Binoj

Minnu M

Alex Paul

Joan Thomas

**Design & LayOut**

Arjun Rajeev

Praison M Varghese

## എഡിറ്റോറിയൽ

ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയതിനോടൊപ്പം കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പരിശീലിക്കാവുന്ന തരത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പോലെയുള്ള സംരംഭങ്ങൾ പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ചതും കൃത്യമായ പരിശീലനങ്ങളിലൂടെ അവ വിജയകരമായി മുമ്പോട്ട് കൊണ്ടുപോകുന്നതും ഭരണസാരഥ്യം വഹിക്കുന്നവരുടെ ദീർഘവീക്ഷണത്തിന് തെളിവാണ്.

പ്രോഗ്രാമിംഗ്, അനിമേഷൻ, ഭാഷാ കമ്പ്യൂട്ടിങ്, റോബോട്ടിക്സ്, മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം, ഇൻററർനെറ്റ് തുടങ്ങി നിരവധി സാങ്കേതികവിദ്യകൾ പരിശീലിക്കുന്നതിനൊപ്പം സൈബർ ലോകത്തിൽ മൂല്യബോധമുള്ള തലമുറയായി വളർന്നുവരാനും ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതി സഹായിക്കുന്നുണ്ട്. കുട്ടികളിലെ സർഗ്ഗാത്മകതയെ കണ്ടെത്തി വികസിപ്പിക്കാനും ഭാഷാ കമ്പ്യൂട്ടിങ്ങിലും, ഗ്രാഫിക്സിലും, സ്ക്രൈബസിലും പഠിച്ച പാഠങ്ങൾ പ്രയോഗിക്കാനും അവസരം ഒരുക്കിയ ഈ മാഗസിന്റെ താളുകൾ നിങ്ങൾക്ക് ഇഷ്ടമാകും എന്ന പ്രതീക്ഷയോടെ

**ചീഫ്എഡിറ്റർ**

# വീണ്ടും...



സ്കൂൾ തുറക്കുന്നു എന്നു കേൾക്കുമ്പോൾ നമ്മുടെയൊക്കെ മനസ്സിൽ ഓടിയെത്തുക നമ്മുടെ ബാല്യം തന്നെയാവും ഇല്ലേ....? ഇല്ലായ്മകളുടെ ഇടയിലും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റി തന്നിരുന്ന മാതാപിതാക്കൾ... ഇന്നിപ്പോൾ അവരിൽ ഭൂരിഭാഗവും നമുക്കൊപ്പമില്ല..

അങ്ങിങ്ങായി മാത്രം കാണുന്ന ഓടു മേഞ്ഞ ചുരുക്കം വീടുകൾ...കൂടുതലും ഈറയില പനയോല തേങ്ങോല എന്നിവ കൊണ്ടുള്ള വീടുകൾ..മൺകട്ട കെട്ടിയതും ഓലകൾ കൊണ്ടു മറച്ചതുമായ വീടുകൾ... കരിയും ചാണകവും മെഴുകിയ നിലം... നിലവിളക്കിന് മുൻപിലിരുന്നു നാമം ചൊല്ലൽ..മണ്ണെണ്ണ വിളക്കിന്

ച്ചറ്റമിരുന്നു നാലും അഞ്ചും കുട്ടികൾ പഠിച്ചിരുന്ന കാലം...ചെത്തിയൊരുക്കിയ മുറ്റത്ത് നിറയെ പൂത്തു നില്ക്കുന്ന വൈവിദ്ധ്യമാർന്ന ചെടികൾ കൊണ്ടു വേലികൾ തീർത്ത വീട്ടുമുറ്റം..അവിടുന്ന് കുത്തുകല്ലുകൾ ഇറങ്ങിയോ കേറിയോ എത്തുന്ന ഒറ്റയടിപ്പാതകൾ....അവ നീണ്ടു നീണ്ടു മൺറോഡുകളിൽ എത്തി നില്ക്കും... വല്ലപ്പോഴും മാത്രം ജീപ്പോ തടി ലോറിയോ കടന്നു പോകുന്ന വഴികൾ.. ഇന്നത്തെ പോലുള്ള അപകടങ്ങൾ ഒന്നും കേട്ടുകേൾവി പോലുമില്ല...

മുതിർന്ന കുട്ടികൾക്ക് തങ്ങളുടെ അനിയന്റെയോ അനിയത്തിയുടെയോ അയൽവീട്ടിലെ കുട്ടികളുടെയോ ഉത്തരവാദിത്വം കൂടെയുണ്ടാവും.. ഉച്ചയ്ക്ക് അവരെ ഭക്ഷണം കഴിപ്പിക്കുക. ചോറ്റു പാത്രം കഴുകി കൊടുക്കുക.. സ്കൂളിലേക്ക് വരുമ്പോഴും പോകുമ്പോഴും അവരുടെ പുസ്തകസഞ്ചി പിടിക്കുക എന്നിങ്ങനെ.

സ്കൂളിലെത്തിയാൽ പിന്നെ പരിസരത്തെ കടകളാണ് ലക്ഷ്യം..

ചാണ്ടി ചേട്ടന്റെ കടയുടെ പരിസരത്തേക്ക് അടുക്കാൻ പോലും കഴിയാത്തത്ര തിരക്കാണ്.. ഒരു വിദ്യാർത്ഥിക്ക ആവശ്യമായ പഠന ഉപകരണങ്ങൾ എല്ലാം തന്നെ അവിടെ ലഭ്യമാണ്...കുട... പുസ്തകസഞ്ചി.. ചോറ്റുപാത്രം...പെൻ... ഇൻസ്ട്രുമെന്റ് ബോക്സ്..ഹീറോ പെന്നിൽ ഒഴിക്കുന്ന ക്യാമൽ ഇൻക്... ഡ്രോയിങ് ചെയ്യുന്ന സ്പെഷ്യൽ അപ്സര HB പെൻസിൽ... കട്ട് റബ്ബർ...സ്കെച് പെൻ...വരയിട്ടതും ഇടാത്തതുമായ എൺപതു പേജിന്റെയും നൂറ്റി ഇരുപത് പേജിന്റെയും ഇരുന്നൂറ് പേജിന്റെയും... മലയാളം പകർത്തിന്റെ ഇരട്ടവരകളുള്ളത് ഇംഗ്ലീഷ് പകർത്താൻ നാലു വരയുള്ളതുമായ ബുക്കുകൾ.. ഒന്നുമുതൽ പത്തു വരെ എണ്ണം പഠിപ്പിക്കാൻ പറ്റിയ വർണ്ണ മുത്തുകൾ പിടിപ്പിച്ച സ്ലേറ്റും....സാധാരണ സ്ലേറ്റും കല്ലുപെൻസിലും എന്നു വേണ്ട എല്ലാമെല്ലാം അവിടുണ്ടായിരുന്നു....

വീട്ടിൽ നിന്നും ഒരുപാടു കെഞ്ചി കിട്ടുന്നതോ..അടയ്ക്ക പൊളിച്ചതിനു അച്ഛനമ്മമാർ തരുന്നതോ... വീട്ടിൽ വന്ന ബന്ധുക്കൾ നല്കിയതോ ആയ ചില്ലറകൾ ചേർത്തു വെച്ച പ്രിയപ്പെട്ട കൂട്ടുകാരുടെ കൈകൾ കോർത്തു പിടിച്ച ജോസ് ചേട്ടന്റെ കടയിലെ മിഠായി ഭരണികളെ ലക്ഷ്യമാക്കിയുള്ള ഓട്ടം.... മിഠായി വായിലിട്ടു ഇടതും വലതും കവിളിലേക്ക് മാറ്റി കാട്ടി കൂട്ടുകാരെ കൊതി പിടിപ്പിക്കും...

വെളിക്കു വിട്ടാൽ സ്കൂൾ പരിസരത്തെ പറമ്പുകൾ ലക്ഷ്യമാക്കിയുള്ള ഓട്ടം.. കൂട്ടുകാരിയുടെ കൈയ്യിൽ കണ്ട ബാലരമ "മായാവിയുടെ കഥ മാത്രം വായിച്ചിട്ട് തരാ.." മെന്നുള്ള കെഞ്ചൽ... ടീച്ചർ കാണാതെ വായിക്കണമെന്ന് പറഞ്ഞുള്ള കഥപുസ്തകം ഏല്പിക്കൽ.. ക്ലാസ്സ് റൂമിൽ ടീച്ചറുടെ കണ്ണു വെട്ടിച്ച ഡാകിനിയമ്മൂമ്മയും കുട്ടൂസനും രാജുവും രാധയും കാലിയയും ഡിങ്കനുമൊക്കെ നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന മനോഹരമായ കഥയിടങ്ങൾ....

ഇന്നത്തെ പോലെ ടാറിങ് റോഡോ ബസ് സർവീസോ ഇല്ല..കിലോമീറ്ററുകളോളം നടന്നാണ് സ്കൂളിലെത്തുക...കാലിൽ ചെരുപ്പുള്ളവർ വിരളം....അങ്ങേയറ്റം പാരഗൺ അല്ലെങ്കിൽ ലൂണാർ റബ്ബർ ചെരുപ്പുകളായിരുന്നു അന്ന്...ഒരു കുടക്കീഴിൽ രണ്ടും മൂന്നും പേർ പാതി നനഞ്ഞൊലിച്ചുള്ള യാത്ര....അതും കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ പരസ്പരം തോളിൽ കൈയ്യിട്ടുള്ള യാത്ര...ആ ഒരു ചേർത്തു പിടിക്കലുണ്ടല്ലോ..ശരിക്കും മനസ്സുകൊണ്ടുള്ളൊരു ചേർത്തു പിടിക്കൽ തന്നെയായിരുന്നു.... ഒറ്റയ്ക്കൊരു കുടയിൽ പോകുന്നവർ മൂന്നു പേർ ഒരു കുടയിൽ കഷ്ടപ്പെട്ടു പോകുന്നത് കണ്ടാൽ എന്റെ കുടയിൽ ഒരാൾ കേറിക്കൊള്ളൂ എന്നു പറയാനുള്ളൊരു മനസ്സ് അന്നത്തെ പിഞ്ചു ബാല്യങ്ങൾക്കുണ്ടായിരുന്നു..

സിമന്റ് കെട്ടിയുണ്ടാക്കിയ വാട്ടർ ടാങ്ക് സ്കൂൾ പരിസരത്തുണ്ട്...മുതിർന്ന കുട്ടികൾ പരിസരത്തുള്ള തഴയ്ക്കൽ കിണറും കുളവും... വെട്ടിക്കലോലിൽ കിണർ... തോണിക്കുഴിക്കാരുടെ കിണർ.. ആനക്കുഴിക്കാരുടെ കുളത്തിൽ നിന്നും ഹോസ് വഴി എത്തുന്ന വെള്ളം.. ഒക്കെ ആയിരുന്നു ഉപയോഗിക്കുന്നത്.. അന്നത്തെ നമ്മുടെ വാട്ടർബോട്ടിൽ അതൊക്കെ ആയിരുന്നു..

സ്കൂൾ പരിസരത്തുള്ളവരുടെ പുരയിടം ആയിരുന്നു അന്നത്തെ ഉച്ച ഭക്ഷണ കേന്ദ്രങ്ങൾ. തെങ്ങിലും കമുകിലും കയ്യാല വക്കിലും മുഖാമുഖം നിന്നു ഉച്ചയൂണ് കഴിക്കുമ്പോ തേങ്ങാ ചമ്മന്തിയും കടുക് മാങ്ങയും നാരങ്ങ അച്ചാറും പപ്പായ തോരനും ചേമ്പിന്റെ താളുകൾ തോരൻ വെച്ചതും അച്ചിങ്ങയും വെള്ളരിയും പാവക്കയും പടവലങ്ങയും കോവക്കയും നിത്യ വഴുതനയുമൊക്കെ ചേർന്നു സമൃദ്ധമായ വിഷരഹിതമായ വിഭവങ്ങളായിരുന്നു നമ്മുടേത്...നമ്മുടെ കാരണവന്മാർ വിളയിച്ചെടുത്തത്...

ക്ലാസ്സ് മുറിയിൽ വട്ടത്തിലിരുന്നു അടപ്പു പാത്രത്തിൽ ഓരോ പിടി ചോറും അല്പാല്പം കറികളും എടുത്തു വെച്ച പട്ടിണി ഇരിക്കുന്നവരെ ഒപ്പമിരുത്തി ഊട്ടിയ നന്മ നിറഞ്ഞ നല്ല മനസ്സുള്ള കൂട്ടുകാർ..

ഉപ്പും കുട്ടി




കണ്ണിമാങ്ങയും ചാമ്പക്കയും പുളിയും പേരക്കയും ജാതിക്കയും നെല്ലിക്കയുമൊക്കെ പരസ്പരം കൈമാറിയിരുന്ന ക്ലാസ്സ് മുറികൾ.. ആറ്റിറമ്പിലെ ഉച്ചയൂണും വഞ്ചിപ്പഴം പറിക്കലും തഴക്കൽ ചേടത്തിയുടെ വീട്ടിലെ കമ്പിളി നാരങ്ങയും ഒക്കെ ബാല്യത്തിന്റെ നിറങ്ങളായിരുന്നു...
മുത്തശ്ശിക്കഥകളുടെ ഭാണ്ഡം കെട്ടഴിഞ്ഞു വീണതുപോലെ ഓർമ്മകൾ തീർക്കുന്ന പെരുമഴക്കാലം...പ്രത്യേക സുഗന്ധവും രുചിയും പകരുന്ന ഓർമ്മകളുടെ ബാല്യമങ്ങനെയാണ്... എത്ര പെയ്താലും പെയ്തു തീരാത്തത്ര ഓർമ്മകൾ...



**ആസിയാബീവി**
**സാൻമേറ്റ്**







# കാത്തിരിപ്പ്


അവൾ എട്ട് മാസം ഗർഭിണി ആയിരുന്നപ്പോഴാണ് എനിക്ക് കമ്പനിയിൽ നിന്ന് വിളി വന്നത്. നാട്ടിൽ നിന്ന് വിമാനം കയറുവാൻ എനിക്ക് നന്നേ വിഷമം ഉണ്ടായിരുന്നു, തയാറെടുപ്പുകൾ ഇല്ലാതെ ഉള്ള യാത്രയ്ക്ക് നിരാശയുടെയും വിദൂരതയുടെയും കാഠിന്യം കൂടുതൽ ആയിരുന്നു. എയർപോർട്ടിലേക്ക് എന്റെ ലഗ്ഗേജുകളും വഹിച്ചു കൊണ്ട് യാത്രയ്ക്കായി അക്ഷമയോടെ കിടന്ന കാറിനുള്ളിലേക്ക് കയറുമ്പോഴും പുറകിലേക്ക് ശ്രദ്ധ തിരിക്കുവാൻ എന്റെ ഹൃദയം അനുവദിച്ചില്ല. വാഹനം അകന്ന മാത്രയിൽ അറിയാതെ നിയന്ത്രണം നഷ്ടപ്പെട്ട കണ്ണുകൾ ഉമ്മറത്തെ തൂണിനു മറഞ്ഞ് പൊട്ടിക്കരയുന്ന തന്റെ പ്രാണസഖിയെ ഒപ്പിയെടുത്തു.

വർഷങ്ങൾക്കു ശേഷം തിരികെ നാട്ടിലേക്ക് ... എന്റെ മനസ്സ് ആവേശം കൊണ്ടു. ഈ മടക്കവും യാദൃശ്ചികം തന്നെ. വിമാനത്തിൽ നിന്ന് ഇറങ്ങിയ യാത്രക്കാരെ കാത്തിരുന്ന ഒരു കൂട്ടം ആരോഗ്യ പ്രവർത്തകരുടെ അടുക്കലേക്ക് ആണ് എയർപോർട്ട് അധികൃതർ ഞങ്ങളെ പറഞ്ഞയച്ചത്. ആശുപത്രി മുറിക്കുള്ളിലെ 20 ദിവസങ്ങൾക്ക് പ്രവാസത്തിന്റെ 2 വർഷത്തേക്കാൾ ആയാസം കൂടുതലായി എനിക്ക് അനുഭവപ്പെട്ടു . പ്രത്യേക വാർഡിനുള്ളിൽ അനുവദിക്കപ്പെട്ട മുറിക്കുള്ളിൽ ഒറ്റപ്പെടലിന്റെ ഭാരം എന്നെ വല്ലാതെ തളർത്തി. ആ മുറിക്കുള്ളിലെയ്ക്ക് സന്ദർശകരെന്ന് പറയുവാൻ സാധിക്കുന്നത് ബിൻ ബാഗുകളും ആപ്രോണുകളും ധരിച്ച് പരിശോധനയ്ക്കായി എത്തുന്ന ഭിഷ്വഗ്വരന്മാർ മാത്രം ആണ്. എന്തെല്ലാമോ പരിശോധനകൾക്ക് ശേഷം അവർ എന്നെ ആശുപത്രി മുറിക്കുള്ളിലേയ്ക്ക് ശുപാർശ ചെയ്തു. പ്രിയപ്പെട്ട കൂടിച്ചേരലുകൾക്കായുള്ള കാത്തിരിപ്പ് ഇനിയും അവസാനിക്കുന്നില്ല.ദൗർഭാഗ്യത്തിന്റെയും വിധിയുടെയും സമന്വയം എന്റെ ജീവിതത്തിൽ ആവർത്തിക്കപ്പെടുകയാണോ?ഡോക്ടർമാരിൽ ഭൂരിഭാഗവും താമസിയാതെ സൗഹൃദങ്ങൾ ആയി പരിണമിക്കപ്പെട്ടു. അതിൽ ഒരു ചെറുപ്പക്കാരൻ ഡോക്ടർ കൂടുതൽ ഉത്സാഹവാനാണ്. അദ്ദേഹം എന്നെ സന്ദർശിച്ചതിനിടയിൽ അയാളുടെ വീട്ടുകാര്യങ്ങളും പങ്കുവച്ചു. അയാൾക്ക് ഭാര്യയും രണ്ടു കുട്ടികളും അടങ്ങുന്നതാണ് കുടുംബം.പക്ഷേ... അവരെ കണ്ടിട്ട് ഒരു മാസത്തിനു മേൽ ആയിരിക്കുന്നു. ബാല്യം ഉറയ്ക്കാത്ത പൈതങ്ങളെ കാണുവാൻ ഉള്ള വാഞ്ഛ ആ ചെറുപ്പക്കാരന്റെ ഉള്ളിലും അധികമാണ്,പക്ഷേ... സാഹചര്യങ്ങൾ മനുഷ്യൻറെ ആഗ്രഹങ്ങൾക്ക് അതീതം ആണ്. നിറഞ്ഞ കണ്ണുകളിൽ നിന്ന് മിഴിനീർ ഉതിരുന്നതിന് മുൻപേ ചെറുപ്പക്കാരൻ എന്നെ കടന്നു പോയി

കാത്തിരിപ്പിന് ശേഷം ആതുരാലയത്തിന്റെ പുറത്തേയ്ക്കുള്ള യാത്രാ വേള ആഗതമായി. വീട്ടിലേക്കുള്ള യാത്രാരംഭത്തിൽ യാത്രയയപ്പ് നൽകുന്നതിനായി ആ ചെറുപ്പക്കാരൻ ഉൾപ്പടെ സേവന സന്നദ്ധരുടെ ഒരു കൂട്ടം തന്നെ ഉണ്ടായിരുന്നു.മടക്കയാത്രയിൽ എന്റെ ശ്രദ്ധ ആ ചെറുപ്പക്കാരന്റെ മുഖത്തിനു നേരെ മാത്രമായി ചുരുങ്ങപ്പെട്ടു..... തിരിച്ചു ലഭിച്ച ആനന്ദം ഭവനത്തിനു

ള്ളിൽ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. പൈതലിനെ വാരിപ്പുണർന്ന് മാറോടൊതുക്കി ജീവിതത്തിലെ സഹസഞ്ചാരിയെ ആലിംഗനം ചെയ്തു കൊണ്ട് ഞാൻ കാത്തിരിപ്പിന് വിരാമം കുറിച്ചു. അപ്പോൾ മൊബൈൽ ഫോണിനുള്ളിൽ ഒതുങ്ങിയ കുടുംബചിത്രത്തിൽ ചെറുപ്പക്കാരന്റെ ചുണ്ടുകൾ അമരുകയായിരുന്നു. നിമിഷങ്ങൾക്ക് വില കൽപ്പിച്ചു കൊണ്ട് പുറത്തുനിന്ന് അയാളുടെ നാമം ഉദ്ധരിച്ചുകൊണ്ട് മറ്റൊരാളുടെ വിളി ഉയർന്നു... നിറകണ്ണുകളോടെ തല ഉയർത്തി ആവേശം വീണ്ടെടുത്ത് അയാൾ പുറത്തേയ്ക്ക് നടന്നു...പുതിയ അതിഥികളുടെ അരികിലേക്ക്......

**വിപിൻ സാം മാത്യു**



# മുത്തച്ഛൻ



ഉണ്ടായനാൾ തൊട്ടെനിക്കെന്നും കൂട്ടായി –
ട്ടുണ്ടായിരുന്നതെന്നുമെൻ മുത്തച്ഛൻ
അച്ഛനായമ്മയായ് മുത്തശ്ശിയമ്മയായ്
വേഷങ്ങൾ മാറിയെനിക്കായി
മുത്തച്ഛൻ
പിച്ചവച്ചീടുവാൻ കൂടെ നടന്നതും,
അമ്മമ്മമൂട്ടുവാൻ കൂടെയിരുന്നതും
എന്നെ പുറത്തേറ്റി ചിന്നം വിളിച്ചതും
പാളേലിരുത്തീട്ടു നീളെ വലിച്ചതും
ചിരിച്ചപ്പോഴൊക്കെയും കൂടെ ചിരിച്ചതും
കണ്ണുനിറഞ്ഞപ്പോൾ ഒപ്പം കരഞ്ഞതും
ഒരുനൂറു കഥകൾ തൻ മധുരം പകർന്നതും
നേർവഴി കാട്ടിയെൻ മുൻപേ നടന്നതും,
ഇഷ്ടങ്ങളൊക്കെയും സാധിച്ചുതന്നതും,
ഇന്നെനിക്കോർമ്മകൾ മാത്രമായ്
തീരവേ
ചേർത്തുപിടിച്ചൊരാകൈകളിനിയെന്നെ
കാക്കാതെ നിശ്ചലമായിന്നുമാറവേ
കണ്ണിമചിമ്മാതെ പൂമുഖത്തിണ്ണയിൽ
ആരെനിക്കായിനി കാത്തിരിക്കും?
നിന്നുടെ ഓർമ്മകൾ മാലയായ് കോർത്തു ഞാൻ
ധന്യമായ് തീർക്കുമെൻ ഇഹജീവിതം

നിരഞ്ജന വിനോദ്

# പ്രതീക്ഷ

കഥ

**വിപിൻ സാം മാത്യു**



ചില്ലലമാരിക്കുള്ളിൽ നിരത്തിവെച്ച കേക്കുകളിന്മേൽ കാര്യങ്ങൾ ആരായുന്ന ഉപഭോക്താക്കളും കച്ചവടക്കാരുമായി പരിസരമാകെ തിരക്കും ബഹളവുമായിരുന്നു.

**വീണ്ടും**
ഓർമ്മക്കുറിപ്പ്

കേക്കുകളിൽ മേൽ സ്ഥാനം പിടിച്ചിരിക്കുന്ന വിലവിവരപ്പട്ടിക യിൽ ഉയർച്ചയും താഴ്ചയും ഉണ്ടായിരിക്കുന്നു. ചില്ലലമാരിക്ക് ഉള്ളിലേക്ക് അല്പനേരം കണ്ണുകൾ ഉടക്കിയ അവന്റെ നോട്ടത്തിന് ഭംഗം വരുത്തിയ കച്ചവടക്കാരൻ മുഖഭാവത്തിലൂടെ അവനു നേരെ തന്റെ പരിഹാസവും പ്രതിഷേധവും തൊടുത്തുവിട്ടു. പീടികമുറികൾ ദീപാലങ്കാരത്താൽ പ്രകാശമയമായി. വില്പനയ്ക്ക് നിരത്തി ഇട്ടിരിക്കുന്ന നക്ഷത്രങ്ങൾക്ക് പല വർണ്ണങ്ങളും പല എണ്ണത്തിലുള്ള കാലുകളും കൊണ്ട് കാഴ്ചത്തിളക്കമേകുന്നു.

വിലയെന്താ?......

'പത്ത്'

കടയുടമ  മറുപടി പറഞ്ഞു.

ജോസഫ് ഏട്ടന്റെ കുടുംബം നക്ഷത്രം ഇടുന്നു തിരക്കിലാണ്. പുള്ളിക്കാരൻ ആളിത്തിരി കണിശക്കാരൻ ആണ്. പോരാഞ്ഞിട്ട് പൊങ്ങച്ചത്തിന്റെ ആൾരൂപവും.

" മോനേ ഹാപ്പി ക്രിസ്മസ് "

എൽ.ഇ.ഡി നക്ഷത്രത്തിന് കണക്ഷൻ കൊടുക്കുന്നതിനിടയിൽ അയാൾ അവനോട് വിളിച്ചുപറഞ്ഞു.



മറുപടിയായി ഒരു ചെറുപുഞ്ചിരിയോടെ അവൻ കൈ ഉയർത്തി അഭിവാദ്യം അറിയിച്ചു. പടിഞ്ഞാറിന്റെ ശയ്യയിൽ പ്രപഞ്ച ദീപം തല അണച്ചു. മനുഷ്യനിർമ്മിത ദീപങ്ങൾ ധവള പ്രകാശം വീഴ്ത്തിക്കൊണ്ട് കറുപ്പ് ആകുന്ന അന്ധതയെ ആഹ്ലാദത്തോടെ വെല്ലുവിളിച്ചു. ആ ദീപങ്ങൾക്ക് മുൻപിൽ ഇരുൾ അല്പം ലജ്ജിതനായി പരാജിതനെന്ന വണ്ണം തല കുനിച്ചു. രൂപക്കൂട്ടുകൾക്ക് പ്രകാശമയമാക്കുന്ന മെഴുകുതിരി നാളങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ഏഴു വർണ്ണങ്ങൾ പ്രകാശിപ്പിക്കുന്ന വൈദ്യുതി ദീപങ്ങളും. ഭീമാകാരന്മാരായ നക്ഷത്രക്കൂട്ടങ്ങളും സ്ഥാനം പിടിച്ചു. കായലിൽ നിരന്ന വർണ്ണങ്ങളോട് കായലിലെ ഓളങ്ങൾ എന്തെല്ലാമോ സംവദിക്കുന്നു. തന്റെ വീടിന്റെ മുൻപിൽ ഇരുളിന്റെ ആനന്ദനൃത്തം. ഭിത്തിയിലും മേൽക്കൂരയിലുമായി പല ദ്വാരങ്ങൾഉണ്ട്. അത് പലപ്പോഴും പ്രകൃതിയുടെ അതിഥികളെ വരവേൽക്കുന്ന സഞ്ചാരപഥമായി മാറിയിരിക്കും.വാർധക്യാവസ്ഥയിൽ വിശ്രമം നയിക്കുന്ന തന്റെ സൈക്കിളിനെ ലാളനയോടെ തലോടാൻ ആരംഭിച്ചു. ഒരുപക്ഷേ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തതസഹചാരി ഇവൻ തന്നെ ആയിരിക്കും. തിളച്ചു മറിഞ്ഞ കഞ്ഞിക്കലം വാങ്ങി വയ്ക്കുവാൻ തിരക്ക് കൂട്ടുന്നതിനിടയിൽ വീടിന്റെ വാതിൽ തള്ളി തുറന്നു കൊണ്ട് മറ്റൊരാൾ കടന്നു വരുന്നു. മദ്യക്കുപ്പി, അഴിഞ്ഞു വീഴാൻ ആരംഭിച്ച ഉടുതുണി. ചൊവ്വാക്കുന്നതിനിടയിൽ ശകാരവർഷങ്ങൾ അവന് നേരെ പൊഴിഞ്ഞു. ഇരുളിന്റെ പൈശാചികയെ കീറി മറിച്ചുകൊണ്ട് പൊടുന്നനെ വാതിലുകൾ വലിച്ചടച്ചു. പാത്രങ്ങൾ ശൂന്യതയിലേയ്ക്കു വഴുതിവീണു. അവന്റെ പാദങ്ങൾ എങ്ങോട്ടെന്നില്ലാതെ കുതറി ഓടി ഹൃദയമിടിപ്പിന്റെ വേദന കൂടി വന്നു. ഇരുൾ തന്റെ വഴിയേ അന്യമാക്കിയിരിക്കുന്നത് മനസ്സിലാക്കി. വീട്



തന്നെ പിന്നിലാക്കിയിരിക്കുന്നു ദൂരെ മാറി കൈതക്കൂട്ടങ്ങൾക്കിടയിൽ അവൻ ആശ്രയം കണ്ടെത്തി. അവയ്ക്കിടയിൽകൂടി നോക്കിയാൽ തന്റെ വീട് കാണാം.. കൈതക്കൂട്ടങ്ങളെ പതിയെ ശ്രദ്ധയോടെ വകഞ്ഞുമാറ്റി അവൻ തന്റെ വീടിനു നേരെ ദൃഷ്ടി പായിച്ചു.

കഞ്ഞിക്കലത്തിന്റെ മൂടി മാറ്റികൊണ്ട് അയാൾ പരിസരമാകെ വീക്ഷിച്ചു. ലഹരി മത്ത് പിടിച്ച് കൈകൾ ഇടവിടാതെ ചലിച്ചു കൊണ്ടേയിരുന്നു. അടുപ്പിന്നരികിൽ മലർത്തിവെച്ച പാത്രം ഉയർത്തി നോക്കിയ അയാൾ അൽപനേരം സ്തബ്ധനായി നിന്നു. അയാളുടെ കണ്ണുകൾ പാത്രത്തിനുള്ളിലേക്ക് ഉടക്കി നിന്നു. ജനാലകൾക്കിടയിലൂടെ പുറത്തേക്ക് നോക്കിയ അയാൾ എന്തോ ശൂന്യത കണ്ടെത്തി. ആ ശൂന്യതയ്ക്ക് കൈതക്കാടുകളിൽ സ്ഥാനം പിടിച്ചിരിക്കുന്ന ആ ഇളം ജീവനോട് ഏറെ ആത്മബന്ധം ഉണ്ട് എന്ന് അയാൾ മനസ്സിലാക്കി. അയാളുടെ കണ്ണുകളിൽ നിന്ന് പതിവ് തെറ്റിയ മിഴിനീർ കണങ്ങൾ ഉതിർന്നു വീണു. പിറ്റേദിവസം നാടാകെ ഉത്സവാന്തരീക്ഷത്താൽ മതി മറന്നു. ദേവാലയങ്ങളിൽ നിന്നും പ്രാർത്ഥന മന്ത്രങ്ങൾ ഉയർന്നു വന്നു. വിള്ളലുകൾ വീഴ്ത്തിയ തറമേൽ നിദ്രയിലാണ്ടു കിടന്ന അവനെ ഉണർത്തിയെത്തിയത് തോളിന്മേൽ വന്നു വീണ പതിവ് കരങ്ങളാണ്. മുഖമുയർത്തിയ അവന്റെ കണ്ണുകളിൽ ഭയാശങ്കകളായി വികാസം പ്രാപിച്ചു.

" പേടിക്കേണ്ട മോനേ ""

എഴുന്നേൽക്ക് "

ഇന്ന് ആ കര ങ്ങൾക കാന്തതയുടെ സ്വരമുണ്ട്. ച്ചുണ്ട കൈകൾക്ക് ലഹരിയുടെ മണമില്ല കേക്കിൻ കഷ്ണം അന്യോന്യം . പകുത്തു നിൽക്കുന്നതിനിടയിൽ ഇരുവരുടെയും മിഴികളിൽ ആശ്രുക ണങ്ങൾ രൂപം കൊണ്ടു. പ്രകൃതി ആനന്ദത്താൽ അതിന് സാക്ഷ്യം വഹിച്ചു. ദേവാലയങ്ങളിൽ നിന്ന് കരോൾ ഗാനം മുഴങ്ങിക്കേട്ടു..

" സമാധാനം സ്നേഹവും നൽകുവാൻ അന്യോനം നൽകുവാൻ ഞങ്ങളെ നീ പ്രാപ്തരക്കണമേ നാഥാ..... ....



SanThome VOICE

ഈ രാത്രിയോട് അവന് വല്ലാതെ സൗഹൃദം തോന്നി. ഈ രാത്രി ചിലപ്പോൾ അവന് ശാന്തത സമ്മാനിക്കും.

* ** ** * *****

ഇരുളിൽ നിന്ന് വാതിൽ തുറക്കപ്പെട്ടു. ആ രൂപം വീടിനുള്ളിലേക്ക് കടന്നു വന്നു. അവൻ പ്രതീക്ഷയോടെ മിഴികൾ കൂർപ്പിച്ചു.

വാതിലുകൾ കൊട്ടിയടക്കപ്പെട്ടു അവൻ ഇരുളിലേക്ക് എറിയപ്പെട്ടു. പാത്രങ്ങൾ ശൂന്യതയിലേക്ക് എറിയപ്പെട്ടു. കൈതക്കൂട്ടങ്ങൾ ലക്ഷ്യമാക്കി അവൻ പാഞ്ഞു. അഭയം തേടി...





**വിപിൻ സാം മാത്യു**



# The Lionel Messi

## QUIZ


1.ലയണൽ മെസ്സി ജനിച്ചത് ഏത് രാജ്യത്താണ്?
   a) അർജന്റീന
   b) ബ്രസീൽ
   c) സ്പെയിൻ
   d) പോർച്ചുഗൽ

2.മെസ്സി തന്റെ കരിയറിന്റെ ഭൂരിഭാഗം സമയത്തും ഏത് ക്ലബ്ബിന് വേണ്ടിയാണ് കളിച്ചത്?
   a) എഫ്സി ബാഴ്സലോണ
   b) മാഞ്ചസ്റ്റർ യുണൈറ്റഡ്
   c) റയൽ മാഡ്രിഡ്
   d) പാരീസ് സെന്റ് ജെർമെയ്ൻ

3.ലയണൽ മെസ്സി എത്ര തവണ ഫിഫ ബാലൺ ഡി ഓർ പുരസ്കാരം നേടിയിട്ടുണ്ട് (2021 വരെ)?
   a) 4
   b) 6
   c) 8
   d) 10

4.മെസ്സി പ്രധാനമായും ഫുട്ബോൾ മൈതാനത്ത് ഏത് സ്ഥാനത്താണ് കളിക്കുന്നത്?
   a) ഫോർവേഡ്
   b) മിഡ്ഫീൽഡർ
   c) ഡിഫൻഡർ
   d) ഗോൾകീപ്പർ

5.എഫ്സി ബാഴ്സലോണയ്ക്കായി മെസ്സി അരങ്ങേറ്റം കുറിച്ചത് ഏത് വർഷമാണ്?
   a) 2004
   b) 2007
   c) 2010
   d) 2013



6.പാരീസ് സെന്റ് ജെർമെയ്നിൽ ലയണൽ മെസ്സിയുടെ ജേഴ്സി നമ്പർ എന്താണ്?

a) 7
b) 10
c) 17
d) 30

7.എഫ്സി ബാഴ്സലോണയ്ക്കൊപ്പം എത്ര യുവേഫ ചാമ്പ്യൻസ് ലീഗ് കിരീടങ്ങൾ മെസ്സി നേടിയിട്ടുണ്ട്?

a) 1
b) 3
c) 5
d) 7

8.ഏത് വർഷമാണ് മെസ്സി എഫ്സി ബാഴ്സലോണ വിടുന്നത് പ്രഖ്യാപിച്ചത്?

a) 2017
b) 2019
c) 2020
d) 2021

9.മെസ്സി ഏത് അന്താരാഷ്ട്ര ടീമിനെ പ്രതിനിധീകരിക്കുന്നു?

a) ബ്രസീൽ
b) അർജന്റീന
c) സ്പെയിൻ
d) ജർമ്മനി

10. ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ ലയണൽ മെസ്സിയുടെ എക്കാലത്തെയും റെക്കോർഡ് എന്താണ്?

a) 70
b) 79
c) 86
d) 91

**ഉത്തരങ്ങൾ**

1. a) അർജന്റീന
2. a) എഫ്സി ബാഴ്സലോണ
3. b) 6
4. a) ഫോർവേഡ്
5. a) 2004
6. b) 10
7. സി) 5
8. d) 2021
9. b) അർജന്റീന
10. സി) 86

# ഫുട്ബോൾ



ജിത്തു വി. ജെ

ലോകത്തിൽ ഏറ്റവും കൂടുതൽ ജനപ്രിയതയുള്ള കായിക വിനോദമാണ് കാൽപന്തുകളി അഥവാ ഫുട്ബോൾ. പതിനൊന്നു പേരടങ്ങുന്ന രണ്ടു ടീമുകൾ തമ്മിലുള്ള മത്സരമാണിത്. ചതുരാകൃതിയിലുള്ള മൈതാനത്തിലാണ് കളി നടക്കുന്നത്. കളി തീരുമ്പോൾ ഏറ്റവും കൂടുതൽ ഗോൾ നേടുന്നവർ കളി ജയിക്കുന്നു. കാലുകൊണ്ടാണു പ്രധാനമായും ഫുട്ബോൾ കളിക്കുന്നതെങ്കിലും കയ്യൊഴികെ മറ്റെല്ലാ ശരീര ഭാഗങ്ങളും കളിക്കാർ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ ഇരുടീമിലെയും ഗോൾ കീപ്പർമാർക്ക് പന്തു കൈകൊണ്ടു തൊടാം. കളി നിയന്ത്രിക്കുന്നതിന് കളിക്കളത്തിനകത്ത് ഒരു പ്രധാന റഫറിയും, മൈതാനത്തിന്റെ ഇരു പാർശ്വങ്ങളിലും ഓരോ സഹ റഫറിമാരും ഉണ്ടാകും.

ചൈനയിലെ ഹാൻ സാമ്രാജ്യകാലത്താണ് ഫുട്ബോളിന്റെ ആദ്യരൂപം കളിച്ചിരുന്നതായി കണക്കാക്കുന്നത്. ഫുട്ബോൾ എന്ന പേരിൽ അമേരിക്കയിൽ മറ്റു ചില കളികളുമുണ്ട്. അതിനാൽ തെറ്റിദ്ധാരണ ഒഴിവാക്കാൻ കാൽപന്തുകളി അവിടെ സോക്കർ എന്നും അറിയപ്പെടുന്നു. അസോസിയേഷൻ ഫുട്ബോൾ എന്നത് മറ്റൊരു പേരാണ്.

ഫെഡറേഷൻ ഓഫ് ഇന്റർനാഷണൽ ഫുട്ബോൾ അസോസിയേഷൻ, ഫിഫ ആണ് ഈ കളിയുടെ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതും നടപ്പിലാക്കുന്നതും. ലളിതമായ നിയമങ്ങളും പരിമിതമായ സൗകര്യങ്ങളുമാണ് ഫുട്ബോളിനെ ജനപ്രിയമാക്കുന്നത്. 200 രാജ്യങ്ങളിലായി കോടിക്കണക്കിനാളുകൾ ഈ കായികവിനോദത്തിലേർപ്പെടുന്നുണ്ട്.



# Solitude's Embrace

## A Poem on the Lonely Aged Father



In the quiet of twilight's embrace, he sits alone,
A silhouette against the fading light's tone.
His weary eyes, once bright with life's flame,
Now dimmed by the shadows of time's cruel game.

His trembling hands clutch memories past,
As loneliness grips his soul steadfast.
Echoes of laughter, whispers of joy,
Fade into the silence, no one to employ.

A father once strong, now frail and old,
In solitude's embrace, his story unfolds.
His children grown, scattered far and wide,
Their absence a wound that won't subside.

The empty chair, a silent plea,
For the warmth of loved ones, yet to see.
His aging heart, burdened with sorrow,
Longs for the promise of a brighter tomorrow.

Alone he sits, amidst the silent gloom,
Haunted by memories in his lonely room.
Each creak of the floor, each sigh of the breeze,
A reminder of the emptiness that sees.

Yet in his solitude, there lies grace,
A quiet strength in his weathered face.
For though he may be aged and gray,
His love for his children will never sway.

So let us not forget the aged father's plight,
His loneliness hidden in the still of night.
For in our hearts, let empathy reside,
And cherish the love that never died.

**SIVANANDHA JAYAKUMAR**
**10B**

# രാഷ്ട്രത്തിന്റെ ഭാവി

ഒരു രാഷ്ട്രത്തിന്റെ ഭാവി അവിടുത്തെ ജനതയുടെ കാര്യശേഷിയിലും ഊർജ്ജസ്വലതയിലും ആണെന്നിരിക്കെ സിരകളിൽ ലഹരി നുരയുന്ന ഒരു സമൂഹമുള്ള രാജ്യത്തിന്റെ ഭാവി എന്താകും? നമ്മുടെ ശത്രു മറ്റു രാജ്യങ്ങളോ അതിർത്തി കയ്യേറാൻ വരുന്നവരോ ആണെന്ന് കരുതി, മുഴുവൻ പ്രതിരോധ സംവിധാനങ്ങളും അതിനായി ഏകോപിപ്പിക്കുന്ന ഭരണാധികാരികളേ, നിങ്ങൾക്ക് തെറ്റിയിരിക്കുന്നു.. ലഹരിക്കടിമപ്പെട്ട, ചിന്താശേഷി നശിച്ച, സമൂഹത്തിനു ബാധ്യതയാകുന്ന, ഒരു തലമുറയായിരിക്കും നാളെയുടെ വലിയ ശത്രു. അതുകൊണ്ടു തന്നെ രാഷ്ട്രം അതിന്റെ എല്ലാ പ്രതിരോധസംവിധാനങ്ങളും ഉപയോഗിച്ച് ലഹരിവലയുടെ കണ്ണികൾ പൊട്ടിച്ചെറിഞ്ഞ് നാളെയുടെ വാഗ്ദാനങ്ങളെ രക്ഷിച്ചേ മതിയാവൂ. അല്ലാത്ത പക്ഷം നാടിന്റെ ഭാവി നമുക്ക് മുന്നിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കും തീർച്ച.



# A Tribute to Mother's Love

In the cradle of dawn's tender light,
Lies a love that knows no end in sight.
A mother's love, a boundless sea,
Guiding, nurturing, endlessly.

From the first breath, she holds you near,
Whispering lullabies, calming fear.
In her embrace, a haven found,
Safe from the chaos that whirls around.

Through laughter, tears, and fleeting years,
Her love remains, steadfast and sincere.
In every smile, in every tear shed,
A mother's love, an eternal thread.

With gentle hands, she mends each bruise,
Wiping away the pain, all the blues.
Her touch, a balm to wounded souls,
Making brokenness feel whole.

In the depths of her eyes, a love so deep,
A treasure trove of memories to keep.
She sacrifices, she gives, she cares,
A love beyond measure, beyond compare.

In her warmth, we find our home,
No matter how far we roam.
For in her heart, we're forever enshrined,
A love unyielding, pure and kind.
So let us cherish, let us adore,
The one who gives us more and more.
For in her love, we find our light,
Guiding us through the darkest night.



# 2018ലെ പെരുമഴക്കാലം

നമുക്ക് മറക്കാൻ കഴിയാത്ത വർഷമാണ് 2018. കേരളത്തിലെ പ്രദേശങ്ങൾ വെള്ളത്തിന്റെ അടിയിൽപ്പെട്ട ദിനങ്ങൾ. കേരള ജനതയുടെ ജീവിതത്തിൽ ദുരിതം പെയ്ത്ത് ഇറങ്ങിയ മഴക്കാലം ഇന്നും പേടി സ്വപ്നമാണ്. വെള്ളപ്പൊക്കത്തിൽ നഷ്ടമായത് അനേകം പേരുടെ ജീവനും ജീവിതവുമാണ്. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതെ അലഞ്ഞവർ.... ചുറ്റിനും വെളളം...... അതുവരെ ജീവിതത്തിൽ സമ്പാദിച്ചുവെച്ച എല്ലാം ഒരു വെള്ളപ്പൊക്കത്തിൽ ഇല്ലാതായി... എങ്ങോട്ടു പോകണം എന്നറിയാതെ ദുഃഖത്തിൽ ആഴ്ന്നവരെയും ചേതനയറ്റ ശരീരവുമായി വിലപിക്കുന്നവരെയും ഓരോ മഴക്കാലവും നമ്മേ ഓർമിപ്പിക്കുന്നു.






ഒരു പ്രദേശം വെള്ളത്താൽ മൂടുന്നതിന് മുൻപേ അവരെ രക്ഷപ്പെടുത്താൻ സർക്കാരും ജനങ്ങളും തുനിഞ്ഞിറങ്ങി. സ്വന്തം ജീവൻ പണയപ്പെടുത്തി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടവർ അനേകംപേരുണ്ട്. അവരുടെ പ്രവർത്തനം എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. ജാതിയോ, മതമോ, പണമോ നോക്കിയല്ല ഒരോ ജീവനും രക്ഷപ്പെടുത്തിയത്. കേരളത്തിന്റെ ഒത്തൊരുമയാണ് 2018ലെ വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ സാധിച്ചത്. ഈ ദുരന്ത മുഖത്തു നിന്ന് കൈപിടിച്ച് ഉയർത്തിയവരെ നന്ദിയോടെ സ്മരിക്കുന്നു. ഓരോ മഴക്കാലവും ഭയപ്പെടുത്തുന്നതാണെങ്കിലും മഴയും മഴക്കാലവും നൽകുന്ന കുളിർമ്മ മനസിന് ആനന്ദംതന്നെ...

**അനന്ദ് കൃഷ്ണ് കെ.ആർ**

# അന്നു പെയ്ത മഴയിൽ

റെയ്ഹാൻ ഫാത്തിമ

മഴത്തുള്ളികൾ ഊർന്നിറങ്ങുന്ന ജനൽക്കമ്പികൾക്കിടയിലൂടെ പടർന്നു നിൽക്കുന്ന മരത്തിലെ കൊഴിഞ്ഞു പോകാൻ ആയതും കിളിർത്തു വരുന്നതുമായ ഇലകളെ നോക്കുമ്പോഴും അയാളുടെ മരവിച്ച മനസ്സിൽ ആ വൃദ്ധൻ തിങ്ങിനിന്നിരുന്നു.... ഒരു സ്വപ്നം എന്ന പോലെ അയാൾ ഒന്നു ഞെട്ടി അല്ല.... അത് സ്വപ്നമല്ല, യാഥാർത്ഥ്യമാണ്.. എവിടെ നോക്കിയാലും ആ വൃദ്ധന്റെ മുഖം എനിക്കിനി ആയുസ്സില്ല ,എന്നാൽ അയാൾ ഇനിയും ജീവിക്കേണ്ടതാണ് ഒരുപാട് വളരേണ്ടതാണ്.... എന്ന ദയനീയമായ ശബ്ദം മോനേ ഞാൻ പോകുന്നു നീ അതിജീവിക്കണം.... വീടിനും നാടിനും നന്മയുള്ളവൻ ആകണമെന്ന് ആ വൃദ്ധന്റെ അവസാന വാക്കുകൾ.....



പാതി ബോധത്തിൽ അയാളുടെ മനസ്സിൽ പതിഞ്ഞത് ഇത്രമാത്രം എന്നാൽ എന്താണ് അവിടെ സംഭവിച്ചത് എന്ന് ബെൻ ഫ്രാൻസിസിന് മനസ്സിലായില്ല.....

കണ്ണുതുറന്നപ്പോൾ താൻ ഇപ്പോൾ തനിയെ ഒരു മുറിയിൽ ആണെന്നും പുറത്തു മഴ പെയ്തു കഴിഞ്ഞിരിക്കുന്നു എന്നും മാത്രമേ അയാൾക്ക് മനസിലാക്കാൻ കഴിഞ്ഞുള്ളൂ..... തനിക്ക് എന്തോ വലിയ രോഗമാണ്. ശ്വാസം എടുക്കാൻ കഴിയുന്നില്ല, ശരീരമാകെ എന്തൊക്കെയോ അസ്വസ്ഥതകൾ..... ആരും തന്നെ തന്റെ അടുത്തേക്ക് വരാത്തത് എന്താണ്? വന്നാൽ തന്നെ ശരീരം മുഴുവൻ മറച്ച മനസ്സിലാക്കാൻ കഴിയാത്തവിധം വസ്ത്രം ധരിച്ചിരിക്കുന്നതിന് കാരണമെന്താവാം? ആ വൃദ്ധൻ ആരായിരിക്കാം? ഇങ്ങനെ കുറെയധികം ചോദ്യങ്ങളും ചിന്തകളും അയാളെ അലട്ടിക്കൊണ്ടിരുന്നു......

തന്റെ മുറിയിലേക്ക് ആരോ വരുന്നതായി ബെന്നിന് തോന്നി... ഇയാൾ അതിജീവിച്ചു.... ഇനി

വെറും മൂന്ന് ദിവസം കഴിഞ്ഞാൽ വീട്ടിൽ വിടാൻ ആകും... ആരോ പറയുന്നത് കിടക്കയിൽ കിടന്ന് കേട്ടു... മങ്ങിയ ബോധം പതിയെ പതിയെ തിരികെ വരുന്നതായി അയാൾക്ക് തോന്നി...
അവസാനം താൻ ആശുപത്രിയിൽ വെന്റിലേറ്ററിൽ ആണെന്നും തന്നെ കോവിഡ്–19 എന്ന വില്ലൻ കീഴടക്കിയതായിരുന്നു എന്നും ബെൻ മനസ്സിലാക്കി......
അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു.... അയാളുടെ രോഗം ഭേദമായി.... ഇപ്പോൾ നന്നായി ശ്വാസം എടുക്കാൻ സാധിക്കും... പഴയ ആരോഗ്യം തിരികെ വന്നതുപോലെ തോന്നുന്നു... ഇപ്പോൾ അയാൾ സന്തോഷവാനാണ്. എന്നാലും ആ വൃദ്ധനും അയാളുടെ വാക്കുകളും ബെന്നിനെ അലട്ടിക്കൊണ്ടിരുന്നു.....
അവസാനം തന്നെ ശുശ്രൂഷിച്ച ഡോക്ടറോട് ആ വൃദ്ധനെ പറ്റി അയാൾ അന്വേഷിച്ചു. വെന്റിലേറ്റർകൾക്ക് വേണ്ടി നെട്ടോട്ടമോടുന്ന സമയത്ത്, ഒരു രോഗിയെ മരണത്തിനു വിട്ടു കൊണ്ട് മറ്റൊരു കൂടുതൽ പ്രതീക്ഷയുള്ള രോഗിയെ രക്ഷിക്കാൻ ശ്രമിക്കുന്ന സമയത്ത്, "അയാളെ രക്ഷിക്കൂ...അയാൾ ഇനിയും ജീവിക്കേണ്ടവനാണ്... വളരേണ്ടവനാണ് "എന്ന് പറഞ്ഞു സ്വന്തം വെന്റിലേറ്റർ ഉപേക്ഷിക്കാൻ തയ്യാറായ, ഇറ്റലിയിലെ തെരുവുകളിൽ ഭിക്ഷതേടി നടന്ന ഒരു പടുവൃദ്ധൻ..... ഡോക്ടർ ഇത്രയും പറഞ്ഞു തീരുന്നതിനു മുമ്പ് തന്നെ ബെന്നിന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ അണപൊട്ടിയൊഴുകി തുടങ്ങിയിരുന്നു..... അയാൾ പതറിയ സ്വരത്തിൽ ഡോക്ടറോട് ചോദിച്ചു.. ആരായിരിക്കും ആ വൃദ്ധൻ? ഒരു ചെറു പുഞ്ചിരിയോടെ ഡോക്ടർ പറഞ്ഞു, അറിയില്ല.... എനിക്കും ഒരു പക്ഷേ തനിക്കും ആ വൃദ്ധനെ അറിയില്ല... എന്നാൽ അയാൾക്ക് തന്നെ നന്നായി അറിയാം... വളരെ നന്നായി... കാരണം തന്നെ നോക്കുന്ന ഓരോ നിമിഷവും ആ കണ്ണുകളിൽ അത് പ്രകടമായിരുന്നു.ഡോക്ടർ പറഞ്ഞു നിർത്തി... അയാൾ തളർന്നിരുന്നു.. ശരീരമാകെ ഇല്ലാതാകുന്നതുപൊലെ... ജീവനൊടുക്കിയാലോ എന്ന് വരെ തോന്നിപ്പോയ നിമിഷം....
തിരിഞ്ഞു നടന്ന ഡോക്ടറെ വിളിച്ചിട്ട് അയാൾ പറഞ്ഞു: അതാരാണെന്ന് എനിക്കറിയാം..... എനിക്കേ അറിയൂ...... ഡോക്ടർ പറഞ്ഞു: എനിക്കും അറിയാം...... എന്നാൽ താൻ ആരാണെന്ന് ഒരിക്കലും നിങ്ങൾ അറിയരുതെന്നും പറയരുതെന്നും ഞങ്ങളോട് ആ വൃദ്ധൻ പറഞ്ഞിരുന്നു.... അന്ത്യാഭിലാഷം...... അത് പാലിക്കണ്ടേ?
ബെൻ നിശബ്ദനായി.... മരിച്ചാലോ എന്ന് വരെ അയാൾ ആലോചിച്ചു..... അപ്പോഴാണ് നീ നാടിനും വീടിനും നന്മയുള്ളവൻ ആകണമെന്ന ആ വൃദ്ധന്റെ വാക്ക് അയാൾക്ക് ഓർമ്മവന്നത്... അതിജീവിച്ചു.... ഇനി ജീവിക്കണം. മനുഷ്യനായി... അയാൾ തീരുമാനിച്ചു.

ആർത്തിരമ്പുന്ന മഴ.... അയാൾ മഴയിലേക്കിറങ്ങി.... തന്റെ പാപക്കറ മഴത്തുള്ളികളിൽ ഒലിച്ചിറങ്ങുന്നതു പോലെ അയാൾക്ക് തോന്നി.....
മഴത്തുള്ളികൾ തന്നെ സ്പർശിച്ചു ഊറി വീണു കൊണ്ടിരിക്കുന്നതിനിടയിൽ അയാൾ മന്ത്രിച്ചു..
അച്ഛൻ.. എന്റെ അച്ഛൻ...
അതെ, അത് അയാളുടെ അച്ഛനായിരുന്നു.. പണവും പ്രതാപവും ആയി മനസ്സിൽ ഇരുട്ടുമൂടിയ സമയത്ത് പെരുവഴിയിൽ അയാൾ ഇറക്കിവിട്ട അയാളുടെ സ്വന്തം അച്ഛൻ....
മഴ തീർന്നു.... കാർമേഘങ്ങൾ തങ്ങളുടെ ഐശ്വര്യം ഭൂമിയിൽ ആകെ വിതറി.... തന്റെ അച്ഛനെ ഇറക്കി വിട്ട ആ തെരുവിലൂടെ ഒരു നനഞ്ഞ പട്ടിയെപ്പോലെ പതിയെ ബെന്നും നടന്നു മറഞ്ഞു...






**LEVIN P VINESH**

An operating system (OS) is the program that, after being initially loaded into the computer by a boot program, manages all of the other application programs in a computer. The application programs make use of the operating system by making requests for services through a defined application program interface (API).

**BOSS** (Bharat Operating System Solutions): BOSS is a Linux-based operating system developed by the Indian government's Centre for Development of Advanced Computing (C-DAC). It is designed to cater to the needs of the Indian user community, especially government offices and institutions.

**Indus OS**: Indus OS is a mobile operating system that aims to enhance the smartphone experience for Indian users by providing support for multiple Indian languages and regional content. It is built on top of Android and offers features like text-to-speech in regional languages and localized app recommendations.


**Sanchayika OS**: Sanchayika OS is another Linux-based operating system developed by C-DAC. It is focused on providing support for various Indian languages, making it easier for users to interact with computers in their native languages.

**Meghraj**: Meghraj is an operating system developed by the Indian Space Research Organisation (ISRO). It is primarily used for scientific and research purposes within ISRO and other scientific organizations in India.


**Amida Simputer OS**: The Simputer is a handheld computing device developed in India to bridge the digital divide. The operating system for the Simputer, called Amida Simputer OS, was designed to be user-friendly and accessible to a wide range of users.


# ഓർമ്മകളുടെ സുഗന്ധം

ലക്ഷ്മി ബിനോജ്



ഏറെനാൾ കഴിഞ്ഞിട്ടീ-
വിദ്യാലയമുറ്റത്ത് എത്തുമ്പോൾ
എന്റെ മനസ്സ് നിറയുന്നു.
ഓർമ്മകളുടെ സുഗന്ധം...
കൂട്ടുകാരുടെ കലപില ശബ്ദങ്ങൾ
എൻ കാതിൽ പതിയുന്നു.
അരങ്ങിലെ താളചലനങ്ങൾ
ട്രാക്കിലെ പാദപതനങ്ങൾ...
പാഞ്ഞു പോയൊരാ നാളുകൾ
മായുകില്ലെന്റെ ചിന്തയിൽ
പഴയ കൂട്ടുകാർക്കൊപ്പമാ-നാളുകൾ
തിരികെ വന്നെങ്കിലെന്നു ഞാനെപ്പൊഴും
വെറുതെ മോഹിച്ചിടുന്നു ഒരായിരം
നന്മ നേരുന്നെൻ വിദ്യാലയത്തിന്...







## പുസ്തകാസ്വാദനം

"ഞാൻ 'ആലീസിന്റെ അദ്ഭുതലോകം' വായിച്ചു തീർത്തു, ഓ! എന്തൊരു സാഹസികതയായിരുന്നു അത്! ആദ്യം, എന്താണ് പ്രതീക്ഷിക്കേണ്ടതെന്ന് എനിക്ക് ഉറപ്പില്ലായിരുന്നു, പക്ഷേ ഒരിക്കൽ ഞാൻ വായിക്കാൻ തുടങ്ങിയപ്പോൾ, എനിക്ക് പുസ്തകം താഴെ വയ്ക്കാൻ കഴിഞ്ഞില്ല.


ആലീസ് വളരെ കൗതുകവും ധൈര്യവുമുള്ള പെൺകുട്ടിയാണ്, വണ്ടർലാൻഡിലൂടെയുള്ള അവളുടെ യാത്ര ഞാൻ ഇഷ്ടപ്പെട്ടു. അവൾ മുയൽ കുഴിയിൽ വീണ നിമിഷം മുതൽ, ഞാൻ ഹുക്ക് ചെയ്തു. അവൾ കണ്ടുമുട്ടുന്ന കഥാപാത്രങ്ങൾ ചെഷയർ ക്യാറ്റ്, മാഡ് ഹാറ്റർ എന്നിവ പോലെ വളരെ വിചിത്രവും രസകരവുമാണ്. ഓരോ അധ്യായവും ഒരു പുതിയ ആശ്ചര്യം നൽകി, അടുത്തതായി എന്ത് സംഭവിക്കുമെന്നത് എന്നെ ആകാംക്ഷാഭരിതനാക്കി




മാഡ് ഹാട്ടറിനും മാർച്ച് ഹെയറിനുമൊപ്പം ആലിസ് ചായ സൽക്കാരത്തിൽ പങ്കെടുത്തത് എന്റെ പ്രിയപ്പെട്ട ഭാഗങ്ങളിലൊന്നാണ്. അത് വളരെ വിഡ്ഢിത്തവും അരാജകവുമായിരുന്നു, മാത്രമല്ല ഒരുതരം മാന്ത്രികവുമായിരുന്നു. ഹൃദയങ്ങളുടെ രാജ്ഞിയെ ആർക്കാണ് മറക്കാൻ കഴിയുക? അവൾ വളരെ മുതലാളിയായിരുന്നു, 'അവരുടെ തലയെടുക്കൂ!' ഇത് ഭയപ്പെടുത്തുന്നതായിരുന്നു, മാത്രമല്ല ശരിക്കും ആവേശകരമായിരുന്നു.

ഒരേ സമയം എന്നെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ബുദ്ധിപരമായ പദപ്രയോഗങ്ങളും കടങ്കഥകളും നിറഞ്ഞതാണ് പുസ്തകം. എനിക്ക് മനസ്സിലായെന്ന് ഉറപ്പാക്കാൻ ചിലപ്പോൾ എനിക്ക് ഒരു ഭാഗം നിർത്തി വീണ്ടും വായിക്കേണ്ടി വന്നു, പക്ഷേ അത് കൂടുതൽ രസകരമാക്കി.

മൊത്തത്തിൽ, 'ആലീസിന്റെ അഡ്വഞ്ചേഴ്സ് ഇൻ വണ്ടർലാൻഡ്' ഒരു അത്ഭുതകരമായ പുസ്തകമായിരുന്നു, അത് വായിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇത് കാലാതീതമായ ക്ലാസിക് ആണ്. എല്ലാവരെയും വീണ്ടും വീണ്ടും വായിക്കാൻ പ്രേരിപ്പിക്കുന്ന മനോഹരരചനയാണിത് എന്ന് ഞാൻ കരുതുന്നു."



# MAHATMA GANDHI

## A symbol of Non-Violence and Freedom

Mahatma Gandhi, born in Porbandar, Gujarat, in 1869, was not just a leader; he was a beacon of hope, an apostle of peace, and a harbinger of change. His life was a testament to the power of nonviolence, compassion, and the relentless pursuit of justice.

Gandhiji's philosophy was rooted in the principle of Ahimsa, or nonviol

ence. He believed that true strength lies not in the ability to harm, but in the courage to love, understand, and empathize with one another. He showed the world that it is possible to confront even the mightiest powers without resorting to violence. During the Indian Independence Movement, Gandhi Ji led the nation through a nonviolent resistance against British colonial rule. He believed that the oppressive system could be dismantled through civil disobedience, fasting, and peaceful protests. His Salt March, where he and his followers walked over 240 miles to produce their own salt, became a symbol of defiance and self-reliance.



But Gandhi Ji's influence extended far beyond the borders of India. His ideas of nonviolence and civil disobedience inspired leaders like Martin Luther King Jr., Nelson Mandela, and Cesar Chavez, who led their own struggles for civil rights and freedom. This shows the universal relevance of his teachings.

Gandhi Ji's dedication to the upliftment of the marginalized sections of society was unwavering. He fought against the deeply ingrained practices of untouchability and championed the rights of the Dalits. He believed that every human being, regardless of their caste or creed, deserved dignity, respect, and equal opportunities.


Education was another area close to Gandhi Ji's heart. He envisioned a society where education was accessible to all, and he tirelessly worked towards the eradication of illiteracy. Today, as we stand in our classrooms, we owe a debt of gratitude to him for the importance he placed on education.

In our rapidly changing world, Gandhi Ji's teachings remain as relevant as ever. In a time where conflicts persist, where divisions deepen, and where violence often seems like the answer, we must remember the man who proved that a path of peace and nonviolence can lead to profound and lasting change.


As we commemorate this day, let us not only celebrate the legacy of Mahatma Gandhi but also internalize his teachings. Let us strive to be more compassionate, more understanding, and more committed to making positive changes in our own communities and beyond.

In conclusion, Mahatma Gandhi was not just a leader of a nation; he was a leader of humanity. His life and teachings continue to inspire us all to strive for a world where love triumphs over hatred and where peace reigns supreme.

BE the CHANGE you want to see in the world



# READING




വ്യക്തിപരവും അക്കാദമികവും തൊഴിൽപരവുമായ വളർച്ചയിൽ വളരെയധികം പ്രാധാന്യം നൽകുന്ന ജീവിതത്തിന്റെ അനിവാര്യമായ വശമാണ് വായന. ഇത് അറിവിലേക്കുള്ള ഒരു കവാടമായി വർത്തിക്കുന്നു, ചക്രവാളങ്ങൾ വികസിപ്പിക്കുന്നു, വിമർശനാത്മക ചിന്ത വളർത്തുന്നു, ആശയവിനിമയ കഴിവുകൾ വർദ്ധിപ്പിക്കുന്നു.

ഒന്നാമതായി, വൈവിധ്യമാർന്ന വീക്ഷണങ്ങൾ, സംസ്കാരങ്ങൾ, ആശയങ്ങൾ എന്നിവയിലേക്ക് തുറന്നുകാണിച്ചുകൊണ്ട് വായന ഒരാളുടെചക്രവാളങ്ങളെ വിശാലമാക്കുന്നു. പുസ്തകങ്ങൾ, ലേഖനങ്ങൾ, മറ്റ് എഴുതപ്പെട്ട സാമഗ്രികൾ എന്നിവയിലൂടെ വായനക്കാർക്ക് തങ്ങളുടേതല്ലാത്തലോകങ്ങൾ പര്യവേക്ഷണം ചെയ്യാനും വ്യത്യസ്ത ജീവിത രീതികൾ, വിശ്വാസങ്ങൾ, അനുഭവങ്ങൾ എന്നിവയിൽ ഉൾക്കാഴ്ച നേടാനും കഴിയും.

രണ്ടാമതായി, വിവരങ്ങൾ വിശകലനം ചെയ്യാനും വിലയിരുത്താനും വ്യാഖ്യാനിക്കാനും വായനക്കാരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വായന വിമർശനാത്മക ചിന്താശേഷി വളർത്തുന്നു. തെളിവുകളും യുക്തിയും അടിസ്ഥാനമാക്കി സ്വന്തം അഭിപ്രായങ്ങൾ രൂപീകരിക്കാനും ഇത് വ്യക്തികളെ പ്രേരിപ്പിക്കുന്നു.

കൂടാതെ, പദാവലി, ഗ്രഹിക്കൽ, ഉച്ചാരണം എന്നിവ ഉൾപ്പെടെയുള്ള ആശയവിനിമയ കഴിവുകൾ വായന വർദ്ധിപ്പിക്കുന്നു. ഉത്സാഹമുള്ള വായനക്കാർക്ക് പലപ്പോഴും ഭാഷയെക്കുറിച്ച് കൂടുതൽ സമ്പന്നവും കൂടുതൽ സൂക്ഷ്മവുമായ ധാരണയുണ്ട്, ഇത് രേഖാമൂലവും വാക്കാലുള്ളതുമായ ആശയവിനിമയത്തിൽ കൂടുതൽ ഫലപ്രദമായി പ്രകടിപ്പിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

മാത്രമല്ല, എല്ലാ വിഷയങ്ങളിലുമുള്ള പഠനത്തിന്റെഅടിസ്ഥാന വശമായതിനാൽ, അക്കാദമിക് വിജയത്തിൽ വായന നിർണായക പങ്ക് വഹിക്കുന്നു. പാഠപുസ്തകങ്ങൾ പഠിക്കുക, ഗവേഷണം നടത്തുക, അല്ലെങ്കിൽ സാഹിത്യം പര്യവേക്ഷണം ചെയ്യുക എന്നിവയാകട്ടെ, അറിവ് സമ്പാദിക്കുന്നതിനും അക്കാദമിക് മികവ് കൈവരിക്കുന്നതിനും വായന അവശ്യമാണ്.

വായന ഒരു ഹോബി മാത്രമല്ല, ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒഴിച്ചുകൂടാനാവാത്ത ഒരു അടിസ്ഥാന കഴിവാണ്. ഫലപ്രദമായി പര്യവേക്ഷണം ചെയ്യാനും വിശകലനം ചെയ്യാനും ആശയവിനിമയം നടത്താനും ഇത് വ്യക്തികളെ പ്രാപ്തരാക്കുന്നു,



ജൊവാൻ' തോമസ്


PTA
പൊതുയോഗവും
അനുമോദനവും
ക്ലബ്ബുകളുടെ
ഉദ്ഘാടനവും


PTA
പൊതുയോഗവും
അനുമോദനവും
ക്ലബ്ബുകളുടെ
ഉദ്ഘാടനവും


PTA
പൊതുയോഗവും
അനുമോദനവും
ക്ലബ്ബുകളുടെ
ഉദ്ഘാടനവും


PTA
പൊതുയോഗവും
അനുമോദനവും
ക്ലബ്ബുകളുടെ
ഉദ്ഘാടനവും




പ്രവേശനോത്സവം

പ്രവേശനോത്സവം




# ലിറ്റിൽ കൈറ്റ്സ്








കലോത്സവ
കാഴ്ചകൾ..




SANTHOME
FEST


INDIAN RED CROSS SOCIETY
BLOOD SERVICES


INDIAN RED CROSS SOCIETY
BLOOD SERVICES


INDIAN RED CROSS SOCIETY
BLOOD SERVICES



# Digitalization

# ഡിജിറ്റലൈസേഷൻ


## നേട്ടങ്ങളും പരിമിതികളും

സാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള പുരോഗതി നമ്മുടെ ആശയവിനിമയം, ജോലി, ജീവിതം എന്നിവയെ മാറ്റിമറിച്ചു. ഡിജിറ്റലൈസേഷൻ നിരവധി നേട്ടങ്ങൾ കൊണ്ടുവരുമ്പോൾ, അത് വെല്ലുവിളികളും സാധ്യതയുള്ള പോരായ്മകളും അവതരിപ്പിക്കുന്നു. ഡിജിറ്റലൈസേഷന്റെ ഗുണങ്ങളും ദോഷങ്ങളും നമുക്ക് പര്യവേക്ഷണം ചെയ്യാം.

ആദ്യം, നമുക്ക് നേട്ടങ്ങളിലോ ഗുണങ്ങളിലോ ശ്രദ്ധ കേന്ദ്രീകരിക്കാം. ഡിജിറ്റലൈസേഷന്റെ പ്രധാന നേട്ടങ്ങളിലൊന്ന് കാര്യക്ഷമതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ്. ഓട്ടോമേഷനും ഡിജിറ്റൽ ടൂളുകളും പ്രക്രിയകൾ കാര്യക്ഷമമാക്കുന്നു, സമയവും വിഭവങ്ങളും ലാഭിക്കുന്നു. ഒരു കാലത്ത് മണിക്കൂറുകൾ എടുത്തിരുന്ന ജോലികൾ ഇപ്പോൾ മിനിറ്റുകൾക്കുള്ളിൽ പൂർത്തിയാക്കാനാകും. ഈ കാര്യക്ഷമത ബിസിനസ്സുകളെ ആഗോളവത്കൃത ലോകത്ത് വളരാനും നവീകരിക്കാനും മത്സരിക്കാനും അനുവദിക്കുന്നു.

ആശയവിനിമയത്തിലും ഡിജിറ്റലൈസേഷൻ വിപ്ലവം സൃഷ്ടിച്ചു. ഏതാനും ക്ലിക്കുകളിലൂടെ, നമുക്ക് ലോകമെമ്പാടുമുള്ള ആളുകളുമായി ബന്ധപ്പെടാനും, സഹകരണം, അറിവ് പങ്കിടൽ, സാംസ്കാരിക കൈമാറ്റം എന്നിവ പ്രോത്സാഹിപ്പിക്കാനും കഴിയും. നമ്മുടെ ചക്രവാളങ്ങൾ പഠിക്കുന്നതിനും ബന്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള എണ്ണമറ്റ അവസരങ്ങളിലേക്കുള്ള വാതിലുകൾ ഇന്റർനെറ്റ് തുറന്നിരിക്കുന്നു.

കൂടാതെ, ഡിജിറ്റലൈസേഷൻ വിവരങ്ങളിലേക്കുള്ള പ്രവേശനത്തെ മാറ്റിമറിച്ചു. വിവിധ സ്രോതസ്സുകളിൽ നിന്ന് പഠിക്കാനും ഗവേഷണം ചെയ്യാനും ഉൾക്കാഴ്ചകൾ നേടാനും നമ്മെ പ്രാപ്തരാക്കുന്ന ഒരു വലിയ വിജ്ഞാന ശേഖരമായി ഇന്റർനെറ്റ് മാറിയിരിക്കുന്നു. ഇത് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും കഴിവുകൾ നേടാനും അവരുടെ ബൗദ്ധിക ശേഷി വികസിപ്പിക്കാനുമുള്ള കഴിവുള്ള വ്യക്തികളെ ശാക്തീകരിക്കുന്നു. എന്നിരുന്നാലും, ഈ ഗുണങ്ങൾക്കൊപ്പം, ഡിജിറ്റലൈസേഷൻ നാം പരിഗണിക്കേണ്ട ചില ദോഷങ്ങളും ദോഷങ്ങളും അവതരിപ്പിക്കുന്നു. ഒരു പ്രധാന ആശങ്ക സ്വകാര്യതയും സുരക്ഷയുമാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നമ്മുടെ ജീവിതം കൂടുതൽ പരസ്പരബന്ധിതമാകുമ്പോൾ, ഡാറ്റാ ലംഘനങ്ങൾ, സൈബർ ആക്രമണങ്ങൾ,



സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം എന്നിവയുടെ അപകടസാധ്യത വർദ്ധിക്കുന്നു. വ്യക്തിഗത വിവരങ്ങളും സെൻസിറ്റീവ് ഡാറ്റയും പരിരക്ഷിക്കുന്നതിന് ശക്തമായ സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നത് നിർണായകമാണ്.


ഡിജിറ്റൽ വിഭജനമാണ് മറ്റൊരു പോരായ്മ. ഡിജിറ്റലൈസേഷൻ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, എല്ലാവർക്കും സാങ്കേതികവിദ്യയി ലേക്കോ ഡിജിറ്റൽ ലാൻഡ്സ്കേപ്പിലേക്ക് നാവിഗേറ്റ് ചെയ്യാൻ ആവശ്യമായ കഴിവുകളിലേക്കോ തുല്യമായ പ്രവേശനമില്ല. ഈ അസമത്വം നിലവിലുള്ള സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളെ ആഴത്തിലാക്കും, ചില സമൂഹങ്ങളെയോ വ്യക്തികളെയോ പിന്നിലാക്കുന്നു.


കൂടാതെ, ഡിജിറ്റലൈസേഷന്റെ ദ്രുതഗതിയിലുള്ള സ്വഭാവം വിവരങ്ങളുടെ അമിതഭാരത്തിനും ശ്രദ്ധ കുറയുന്നതിനും ഇടയാക്കും. അറിയിപ്പുകൾ, സന്ദേശങ്ങൾ, സോഷ്യൽ മീഡിയ അപ്ഡേറ്റുകൾ എന്നിവയുടെ നിരന്തരമായ ആക്രമണം അർത്ഥവത്തായ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ആഴത്തിൽ ഏർപ്പെടാനുമുള്ള നമ്മുടെ കഴിവിനെ ബാധിക്കും. ഡിജിറ്റൽ ഇടപഴകലും യഥാർത്ഥ ലോകാനുഭവങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥ കണ്ടെത്തുന്നത് അത്യന്താപേക്ഷിതമാണ്.

അവസാനമായി, ഡിജിറ്റലൈസേഷൻ തൊഴിൽ രീതികളെ ബാധിച്ചു. ഇത് പുതിയ തൊഴിലവസരങ്ങളും വ്യവസായങ്ങളും സൃഷ്ടിക്കുമ്പോൾ, ഇത് പരമ്പരാഗത റോളുകളെ തടസ്സപ്പെടുത്തുന്നു, ഇത് തൊഴിൽ സ്ഥാനചലനത്തിലേക്കും നൈപുണ്യത്തിന്റെ ആവശ്യകതയിലേക്കും നയിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണികളുമായി പൊരുത്തപ്പെടുന്നതിനും ഡിജിറ്റൽ വൈദഗ്ധ്യങ്ങളുടെ വിടവ് നികത്തുന്നതിനും ആവശ്യമായ വൈദഗ്ധ്യം വ്യക്തികൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.

ഉപസംഹാരമായി, ഡിജിറ്റലൈസേഷൻ വർദ്ധിച്ച കാര്യക്ഷമത, മെച്ചപ്പെട്ട ആശയവിനിമയം, വിവരങ്ങളിലേക്കുള്ള മെച്ചപ്പെട്ട പ്രവേശനം എന്നിങ്ങനെയുള്ള വലിയ നേട്ടങ്ങൾ കൈവരിച്ചു. എന്നിരുന്നാലും, സ്വകാര്യത ആശങ്കകൾ, ഡിജിറ്റൽ വിഭജനം, വിവരങ്ങളുടെ അമിതഭാരം, തൊഴിൽ പാറ്റേണുകളിലെ ഷിഫ്റ്റുകൾ എന്നിവയുൾപ്പെടെയുള്ള സാധ്യതയുള്ള പോരായ്മകളെക്കുറിച്ചും നാം ശ്രദ്ധിച്ചിരിക്കണം.

ഞങ്ങൾ ഡിജിറ്റലൈസേഷൻ സ്വീകരിക്കുമ്പോൾ, സാങ്കേതികവിദ്യയെ ഉത്തരവാദിത്തത്തോടെയും ധാർമ്മികമായും ഉപയോഗിച്ച് സന്തുലിതാവസ്ഥ കൈവരിക്കേണ്ടത് നിർണായകമാണ്. ഡിജിറ്റൽ വിപ്ലവത്തിൽ ആരും പിന്നിലല്ലെന്ന് ഉറപ്പാക്കിക്കൊണ്ട് നാം ഉൾക്കൊള്ളാൻ ശ്രമിക്കണം. ഡിജിറ്റലൈസേഷന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ അതിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, സാങ്കേതികവിദ്യ നമ്മുടെ ജീവിതത്തെ ശാക്തീകരിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്ന ഒരു ഭാവി സൃഷ്ടിക്കാൻ നമുക്ക് കഴിയും.


Congratulations
inspire
Innovation in Science Pursuit for Inspired Research
Master. Dominic Jomon
INSPIRE AWARD
National Level Participant
Santhome HS Kanamala


Congratulations
Master
Navaneed S. Ezhuplackal
Participant in
Kerala School Games
2023-24
Under 17 football


Selected for Little KITEs District Camp
Master Alex Paul
Animation
Master Joan Thomas
Programming
SAN THOME H S KANAMALA
Congratulations
Little KITEs


കാഞ്ഞിരപ്പള്ളി സബ്ജില്ല ഐ.ടി മേള 2023
CONGRATULATIONS...
Team SanThome
2ND RUNNER UP
Levin P Vinesh
WebPage Designing
1st A Grade
Sivanandha Jayakumar
Multimedia Presentation
1st A Grade
Joan Thomas
Animation
3rd A Grade
Alex K Jim
Scratch Programming
4th B Grade
Arun Kumar
Digital Painting
C Grade
San Thome H S Kanamala


വനം വന്യജീവി
വാരാഘോഷം
ജില്ലാതല ക്വിസ് മത്സരം
ജുവൽ ജെ. ലിയോ
നിരഞ്ജന വിനോദ്
3 ാം സ്ഥാനം


CONGRATULATIONS
KUMARI
ANDRIYA S. MARIA
2 ND A GRADE
REVENUE DISTRICT
KALOLSAVAM
(URDU GAZAL,
URDU PADYAMCHOLLAL)
SANTHOME H. S KANAMALA


# വായിച്ചാൽ വളരും

ഒരിടത്ത് രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു. അച്ചുവും അപ്പുവും. അപ്പു രാവിലെ എഴുന്നേറ്റ് കുളിച്ചു ഒരുങ്ങി സ്കൂളിൽ പോകുമായിരുന്നു. സ്കൂൾ വിട്ടു വന്നതിനുശേഷം അവൻ പഠിക്കും. അച്ചുവോ അവൻ സ്കൂളിൽ പോവുകയാണ് എന്ന് പറഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങും. എന്നിട്ട് കൂട്ടുകാരോടൊത്ത് കളിച്ചു നടക്കും അച്ചുവിന് വായിക്കാനും എഴുതാനും അറിയില്ല

പക്ഷേ അവന്റെ കൂട്ടുകാരൻ അപ്പു ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അപ്പുവിന്റെ മനസ്സിൽ ഒരു സൂത്രപ്പണി വന്നു. പിറ്റേന്ന് സ്കൂളിൽ പോകുന്ന വഴി അവൻ അച്ചുവിനെ കണ്ടു. അവൻ അച്ചുവിനോട് പറഞ്ഞു "ഇന്ന് എന്റെ പിറന്നാൾ ആണ്. ഇന്ന് വൈകുന്നേരം ഒരു ചെറിയ പാർട്ടിയുണ്ട്. അതിന് നീ തീർച്ചയായും വരണം" അപ്പോൾ അച്ചു പറഞ്ഞു അതിനു നിന്റെ വീട്ടിലോട്ട് വരാനുള്ള വഴി എനിക്കറിയില്ലല്ലോ അപ്പോൾ അപ്പു പറഞ്ഞു "ഞാൻ അവിടെ ബോർഡിൽ എഴുതി വയ്ക്കാം" അച്ചു പെട്ടെന്ന് കളിക്കാനുള്ള ധൃതിയിൽ ഓടിപ്പോയി അപ്പു സ്കൂളിലേക്കും പോയി.

വൈകുന്നേരം അച്ചു ഒരുങ്ങി വീട്ടിൽ നിന്നിറങ്ങിയതും അവൻ കുറെ ബോർഡുകൾ കണ്ടു. പാവം അച്ചുവിന് ഒന്നും മനസ്സിലായില്ല.ബോർഡ് വായിക്കാനും അറിയില്ല


നേരം സന്ധ്യയായി. അച്ചുവിനെ തേടിയിറങ്ങി. നോക്കിയപ്പോൾ അതാ ഒരു വശത്തിരുന്ന് അച്ചു കരയുന്നു.




അപ്പു ചോദിച്ചു "എന്തുപറ്റി". "കൂട്ടുകാരാ എനിക്ക് വഴി തെറ്റിപ്പോയി പക്ഷേ എനിക്ക് വായിക്കാൻ അറിയാമായിരുന്നെങ്കിൽ എനിക്കിപ്പോൾ നിന്റെ വീട്ടിലെത്താമായിരുന്നു" എന്ന് അച്ചു പറഞ്ഞു. " വായനയും എഴുത്തും നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗമാണ്" അപ്പു പറഞ്ഞു. അവർ വീട്ടിലേക്ക് നടന്നു.പിറ്റേന്നു മുതൽ അച്ചു മിടുക്കനായി സ്കൂളിൽ വരാൻ തുടങ്ങി.

ഗുണപാഠം : വായിച്ചാൽ വളരും വായിച്ചില്ലേൽ വളയും.(കുഞ്ഞുണ്ണിമാഷ് )


ക്രിയാത്മക കൗമാരം
കരുത്തും കരുതലും
TEENS CLUB


MOTIVATION CLASS


MEDEX 2023


MEDEX 2023




ഡെങ്കു-മലമ്പനി
ബോധവൽക്കരണം
പാവനാടകം




ATHLETICS


സ്പോർട്സ്


അഭിനന്ദനങ്ങൾ...
കാഞ്ഞിരപ്പള്ളി സബ്ജില്ല
സ്പോർട്സ് കരാട്ടെ
ചാമ്പ്യൻഷിപ്പ്
BELOW
52 KG
റോസ്ന
റോബിൻ
1st
PRIZE
SAN THOME
HIGH SCHOOL KANAMALA


StartUp


NEWS PAPER
READING


ചന്ദ്രയാൻ
വിക്ഷേപണം


വായനദിനം
വായനദിനം


പത്രവിതരണം


അവയവദാനദിനം
പോസ്റ്റർരചനാമത്സരം


വായനയുടെ
ലോകം


ഫാർമേഴ്സ് ക്ലബ്ബ്





# ചക്കപ്പുഴുക്ക്

അൽഫോൻസ തോമസ്




ചക്കച്ചുള കുരുവില്ലാതെ അരിഞ്ഞത്
മഞ്ഞൾപൊടി
തേങ്ങ ചിരണ്ടിയത്
കാന്താരിമുളക്
ജീരകം
വെളിച്ചെണ്ണ
കറിവേപ്പില
ഉപ്പ്
വെള്ളം

ചക്കച്ചുള അരിഞ്ഞത് ആവശ്യത്തിന് ഉപ്പും വെള്ളം ചേർത്ത് വേവിച്ചെടുക്കുക. തേങ്ങ ചിരണ്ടീയതും കാന്താരിമുളക് ഉടച്ചതും ജീരകവും കൂടി ചതച്ചെടുത്ത് വെന്ത ചക്കയിലേക്ക് ചേർക്കുക. നന്നായി ഇളക്കി യോജിപ്പിക്കുക. അവസാനം വെളിച്ചെണ്ണയും കറിവേപ്പിലയും ചേർത്ത് ഇളക്കുക.


SPC UNIT
SPC
WE LEARN TO SERVE






SPC
WE LEARN TO SERVE















സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ചാക്കോ സാറിനെ അധ്യാപക ദിനത്തിൽ ആദരിക്കുന്നു



സ്കൂളിലെ മുൻ അധ്യാപകൻ ചന്ദ്രൻ സാറിനെ അധ്യാപക ദിനത്തിൽ ആദരിക്കുന്നു



# കരുതൽ

കുന്നുകൾക്കും അരുവികൾക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണത്തിൽ, തോമസും അവന്റെ അമ്മ ആനിയും താമസിച്ചിരുന്നു. അവരുടെ വീട്ടുമുറ്റത്തെ പഴയ കരുവേലകത്തിന്റെവേരുകൾ പോലെ ആഴമേറിയതായിരുന്നു അവരുടെ സ്നേഹം.

തോമസ് ജനിച്ച നിമിഷം മുതൽ, ആനി അവനെ സ്നേഹത്തോടെയും കരുതലോടെയും വളർത്തി. അവൾ അവന്റെ സംരക്ഷകയും വിശ്വസ്തയും അവന്റെ ഏറ്റവും വലിയ പിന്തുണയുമായിരുന്നു. തോമസും അമ്മയെ സ്നേഹിച്ചു.

അവരുടെ ദിവസങ്ങൾ ലളിതമായ ആനന്ദങ്ങളാൽ നിറഞ്ഞിരുന്നു – പുൽമേടിലെ നടത്തം, അത്താഴം അടുപ്പത്തുവെച്ചു കഥകൾ വായിക്കുന്ന സുഖപ്രദമായ സായാഹ്നങ്ങൾ. എന്തുതന്നെ ചെയ്താലും, അവർ പരസ്പരം എപ്പോഴും സന്തോഷം കണ്ടെത്തി.

വലുതായപ്പോൾ, അമ്മ തനിക്കുവേണ്ടി എത്രമാത്രം ത്യാഗം ചെയ്തുവെന്ന് തോമസ് മനസ്സിലാക്കാൻ തുടങ്ങി. രണ്ടാമതൊന്നാലോചിക്കാതെ അവന്റെ ആവശ്യങ്ങൾ തന്റെ ആവശ്യങ്ങൾക്ക് മുകളിൽ വെച്ചുകൊണ്ട് അവരുടെ കുടുംബത്തെ പോറ്റാൻ അവൾ വളരെ പ്രയത്നിച്ചു.

ഒരു ദിവസം, അവർ ഊഞ്ഞാലിൽ ഒരുമിച്ചു ഇരുന്നു, സൂര്യൻ അസ്തമിക്കുന്നത് വീക്ഷിക്കുമ്പോൾ, തോമസ് തന്റെ അമ്മയുടെ നേരെ തിരിഞ്ഞ് പറഞ്ഞു, "അമ്മേ, നിങ്ങൾ എനിക്കായി ചെയ്യുന്ന എല്ലാ കാര്യങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. നിങ്ങൾ എല്ലായ്പ്പോഴും എനിക്കായി അവിടെ ഉണ്ടായിരുന്നു, നിങ്ങളില്ലാതെ എന്റെ ജീവിതം എനിക്ക് സങ്കൽപ്പിക്കാൻ കഴിയില്ല.

ആനിയുടെ കണ്ണുകളിൽ കണ്ണുനീർ തിളങ്ങി. എന്തുതന്നെയായാലും, അവരുടെ ബന്ധം നല്ലതായി നിലനിൽക്കുമെന്ന് അവർക്കറിയാമായിരുന്നു, ഒരുമിച്ചുള്ള ജീവിതയാത്രയിലൂടെ അവരെ നയിക്കുന്ന സ്നേഹത്തിന്റെയും വെളിച്ചത്തിന്റെയും വിളക്കായിരുന്നു ആനി.

പരസ്പരം ഉള്ളിടത്തോളം കാലം അവർക്ക് ആവശ്യമുള്ളതെല്ലാം ഉണ്ടെന്ന് അവർ മനസ്സിലാക്കി. കാരണം, അവരുടെ സ്നേഹത്തിൽ, അവർ ശക്തിയും ആശ്വാസവും അനന്തമായ സന്തോഷവും കണ്ടെത്തി. ഇത് ജീവിതകാലം മുഴുവൻ നിലനിൽക്കും എന്ന് അവർക്കറിയാമായിരുന്നു.

ആരോൺ സിജു ജോമസ്



# നന്ദി..

പ്രിയപ്പെട്ടവരെ ,

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2022-25 ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ ആണ് ഇത്. പുതുതായി പരിശീലിച്ച സ്ക്രൈബസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി നിറഞ്ഞ സംതൃപ്തിയോടെയാണ് ഇത് നിങ്ങളുടെ മുമ്പിൽ എത്തിക്കുന്നത്. സർഗ്ഗാത്മക രചനകൾ തന്ന  പൂർവ്വവിദ്യാർത്ഥികൾ അടക്കമുള്ളവർ, പ്രോത്സാഹിപ്പിച്ച അധ്യാപകർ, മാനേജർ, രചനകൾ ഡിജിറ്റലൈസ് ചെയ്ത ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, നിർദ്ദേശങ്ങൾ നൽകിയ ജില്ലാ മാസ്റ്റർ ട്രെയിനർമാർ, കൈറ്റ്മാസ്റ്റർ ജിമ്മി സാർ, കൈറ്റ്മിസ്ട്രസ് ദീപടീച്ചർ......

എല്ലാവർക്കും നന്ദി...